## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6010** **19.11.2019-ൽ മറുപടിക്ക്**

## സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.കെ. ആൻസലൻ<br>,, കെ.കുഞ്ഞിരാമൻ<br>,, യു.ആർ. പ്രദീപ് | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ 2018-19 സാമ്പത്തിക വർഷത്തിൽ ഓഹരി, വായ്പ, സബ്സിഡി ഇനത്തിൽ 69,88,500/- രൂപ നൽകയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 171.36 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രാഥമിക ഉപഭോക്തൃ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | മൂല്യവർദ്ധനവിലൂടെ പ്രാദേശിക നാണ്യവിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അതിൽനിന്നും കൂടുതൽ വിദേശനാണ്യം സമ്പാദിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | മൂല്യവർദ്ധനവിലൂടെ പ്രാദേശിക നാണ്യവിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അതിൽ നിന്നും കൂടുതൽ വിദേശനാണ്യം സമ്പാദിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ ഇന്ത്യ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് ട്രേഡ് ഫെയറിൽ പങ്കെടുത്തുകൊണ്ട് കൂടുതൽ വിപണികൾ കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ട്. സാമ്പത്തികമായി മെച്ചമുണ്ടാക്കാൻ കഴിയുന്ന പദ്ധതികൾ രൂപീകരിച്ചുകൊണ്ട് കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുവാൻ പദ്ധതി ധനസഹായം നൽകിവരുന്നുണ്ട്. അതിനായി സംഘങ്ങൾ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ 75% പരമാവധി |

| | | | |
|---|---|---|---|
| | | | 25 ലക്ഷം രൂപ സബ്സിഡി, ഓഹരി, വായ്പയായി യഥാക്രമം 20:25:30 എന്ന അനുപാത ത്തിൽ സർക്കാർ സഹായം നൽകി വരുന്നുണ്ട്. ഇതിനായി 2019-20 വർഷത്തേയ്ക്ക് 150 ലക്ഷം രൂപ സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ടി സ്കീമിലൂടെ അഗ്രോ പ്രോസസ്സിംഗ് യൂണിറ്റുകൾ സംഘങ്ങൾ മുഖേന സ്ഥാപിക്കുന്നതിനും, ഉത്പന്നങ്ങൾ തരം തിരിക്കുക, ഗ്രേഡ് ചെയ്യുക, പാക്ക് ചെയ്യുക, ലേബൽ ചെയ്യുക ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഇടപെടലിന് പ്രാധാന്യം നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പരമ്പരാഗത മേഖലകളിലെ അടിസ്ഥാന സൗകര്യവികസന ത്തിനും ഉല്പാദന വർദ്ധനവിനും സഹകരണ സംഘങ്ങൾ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; | (സി) | പരമ്പരാഗത മേഖലയിലെ ഉത്പാദന വർദ്ധനവ് ലക്ഷ്യം വച്ചുകൊണ്ട് കേരളത്തിലെ നെല്ലറയായ പാലക്കാട് ആസ്ഥാനമാക്കി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ.പി.1449 (PAPCOS) എന്ന സഹകരണ സംഘത്തിന്റെ കീഴിൽ നെല്ല് സംഭരിച്ച് അരിയാക്കി മാറ്റുന്നതിനുള്ള സൗകര്യത്തോട് കൂടിയ ഒരു ആധുനിക റൈസ് മില്ലും സൈലോകളും (SILOS) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കക്ക സഹകരണ സംഘങ്ങൾ, ആർട്ട്കോ എന്നീ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ പ്രത്യേക സ്കീമിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കൂടാതെ 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രത്യേക പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം ജില്ലകളിലായി 12 കക്ക സഹകരണ സംഘങ്ങൾക്ക് 365 ലക്ഷം രൂപ ധനസഹായം സബ്സിഡിയായി അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സ്ത്രീകളുടെ ശാക്തീകരണത്തിനും വിവിധ മേഖലകളിൽ സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സഹകരണ പ്രസ്ഥാനങ്ങൾ വഹിക്കുന്ന പങ്ക് വിശദമാക്കാമോ? | | സ്ത്രീകളുടെ ശാക്തീകരണത്തിനും വിവിധ മേഖലകളിൽ സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകൾക്ക് തൊഴിലവസരം സൃഷ്ടിച്ച് നിത്യ വരുമാനം ഉറപ്പാക്കുന്നതിനും അതോടൊപ്പം സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനും അതാതു പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകരമായ പ്രോജക്ടുകൾക്ക് ധനസഹായം നൽകിവരുന്നു. വനിതാ സഹകരണ സംഘങ്ങളിലെ തൊഴിൽരഹിതരായ അംഗങ്ങളെ ഉൾപ്പെടുത്തി വിവിധ സംരംഭ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും ആയത് സംഘങ്ങൾ സമർപ്പിച്ച പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിച്ചു നൽകിവരുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**